# Dakshina Kerala Jam-iyyathul Ulama

**ജുമുഅ പ്രഭാഷണം "മോക്ഷത്തിന്റെ നാളുകൾ" (16/06/17)**

**അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648**

إِنَّا أَنزَلْنَاهُ فِي لَيْلَةِ الْقَدْرِ (١) وَمَا أَدْرَاكَ مَا لَيْلَةُ الْقَدْرِ (٢) لَيْلَةُ الْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ (٣)

➢ ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങളിൽ ഒന്നാണ് പരലോക വിശ്വാസം പരലോകത്തിന് ചില പ്രത്യേകതകൾ ഖുർആൻ പരിചയപ്പെടുത്തുന്നുണ്ട്.

1. മരണമില്ലാത്ത അനശ്വര ലോകമാണത്.

ثُمَّ لَا يَمُوتُ فِيهَا وَلَا يَحْيَىٰ (الأعلى – ١٣) / وَالْآخِرَةُ خَيْرٌ وَأَبْقَىٰ (الأعلى–١٧)

ദുനിയാവിലെ ഏത് കഷ്ടപ്പാടും മരണത്തോടെ പര്യവസാനിക്കും. എന്നാൽ ആഖിറം അനന്തമാണ്.

2. മുഖം നോക്കാതെ നീതി നടപ്പാക്കുന്ന ലോകമാണത്.

وَاتَّقُوا يَوْمًا تُرْجَعُونَ فِيهِ إِلَى اللَّهِ ۖ ثُمَّ تُوَفَّىٰ كُلُّ نَفْسٍ مَّا كَسَبَتْ وَهُمْ لَا يُظْلَمُونَ ﴿البقرة:٢٨١﴾

3. യാതൊരു വിധ സ്വാധീനമോ ഇടപെടലോ നടക്കാത്ത ലോകമാണത്.

يَوْمَ لَا يَنفَعُ مَالٌ وَلَا بَنُونَ* إِلَّا مَنْ أَتَى اللَّهَ بِقَلْبٍ سَلِيمٍ ﴿شعراء:٨٨،٨٩﴾

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ كَانَتْ لَهُ مَظْلَمَةٌ لِأَخِيهِ مِنْ عِرْضِهِ أَوْ شَيْءٍ فَلْيَتَحَلَّلْهُ مِنْهُ الْيَوْمَ قَبْلَ أَنْ لَا يَكُونَ دِينَارٌ وَلَا دِرْهَمٌ ...(بخاري)

➢ ഇത്തരം ഒരു ലോകത്ത് രക്ഷയുടെ വഴി സത്യവിശ്വാസവും സൽകർമ്മങ്ങളുമാണ്.

يَا أَيُّهَا الَّذِينَ آمَنُوا هَلْ أَدُلُّكُمْ عَلَىٰ تِجَارَةٍ تُنجِيكُم مِّنْ عَذَابٍ أَلِيمٍ.... ﴿الصف:١٠،١١﴾

➢ പക്ഷേ നാം നേരിടുന്ന വലിയ പ്രതിസന്ധി, എല്ലാത്തിനെയും നശിപ്പിക്കുന്ന തിന്മകളുടെ അതി പ്രസരമാണ്. ഉദാ: ഹൃദയ കാഠിന്യം എന്നരോഗം. ഇത് പരലോകം പരാജയപ്പെടുത്തും.

عَنْ أَنَسٍ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: " أَرْبَعَةٌ مِنَ الشَّقَاءِ : جُمُودُ الْعَيْنِ ، وَقَسْوَةُ الْقَلْبِ ، وَطُولُ الْأَمَلِ ، وَالْحِرْصُ عَلَى الدُّنْيَا (بزار).

(=നാല് കാര്യങ്ങൾ പരാജയങ്ങളാണ്. കണ്ണിൽ ചോരവറ്റൽ, ഹൃദയ കാഠിന്യം, ദുരാഗ്രഹങ്ങൾ, ദുനിയാവിനോടുള്ള അത്യാഗ്രഹം)

ഇതൊന്നും നമ്മിൽ ഇല്ല എന്നാണ് നമ്മുടെ ധാരണ .എങ്കിൽ ഹൃദയകാഠിന്യം എന്താണ്?

وَيَبْسُ الْقَلْبِ اَنْ يَيْبَسَ عَنْ مَاءَيْنِ اَحَدُهُمَا مَاءُ خَشْيَةِ اللهِ تَعَالى وَالثَّانِى مَاءُ شَفَقَةِ الْخَلْقِ (روح البيان)

(=ഹൃദയ കാഠിന്യമെന്നാൽ ര ുറവ വറ്റിപ്പോകലാണ്. അല്ലാഹുവിനെ കുറിച്ചുള്ള ഭയവും സൃഷ്ടികളോടുള്ള കാരുണ്യവും.)

➢ ഇതിൽ ആദ്യത്തേതാണ് മുസ്‌ലിംകളുടെ ഇന്നത്തെ പ്രശ്നം. ഖുർആൻ, ഹദീസ് ഉപദേശങ്ങൾ ഒരു കുലുക്കവും ഉണ്ടാക്കുന്നില്ല. ഖബ്ർ, ആഖിറം, നരകം ഇതൊന്നും ജീവിതത്തെ മാറ്റുന്നില്ല. തിന്മ ചെയ്യുന്നതിന് ഒരു മടിയുമില്ല. എല്ലാം നിസാരം.

عَنْ عَبْدِ اللَّهِ بْنُ مَسْعُودٍ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ... وَإِنَّ الْفَاجِرَ يَرَى ذُنُوبَهُ كَذُبَابٍ مَرَّ عَلَى أَنْفِهِ(بخاري)

ഇത്തരക്കാർ ശിലാഹൃദയരേക്കാൾ മോശം എന്നാണ് അല്ലാഹു പറയുന്നത്.

ثُمَّ قَسَتْ قُلُوبُكُم مِّن بَعْدِ ذَٰلِكَ فَهِيَ كَالْحِجَارَةِ أَوْ أَشَدُّ قَسْوَةً ۚ وَإِنَّ مِنَ الْحِجَارَةِ لَمَا يَتَفَجَّرُ مِنْهُ الْأَنْهَارُ ۚ وَإِنَّ مِنْهَا لَمَا يَشَّقَّقُ فَيَخْرُجُ مِنْهُ الْمَاءُ ۚ وَإِنَّ مِنْهَا لَمَا يَهْبِطُ مِنْ خَشْيَةِ اللَّهِ ۗ﴿البقرة:٧٤﴾

ഈ ആയത്തിന്റെ വിശദീകരണത്തിൽ വരുന്നു.

صِفَةُ الْقُلوبِ بِالْقَسْوَةِ وَالغِلَظِ مَثَلٌ لِنُبُوِّهَا عَنِ الْإِعْتِبَارِ وَاَنَّ الْمَوَاعِظَ لَا تُؤَثِّرُ فِيهَا(روح البيان

(= ഹൃദയ കാഠിന്യം എന്നത് ഒരു ഉപമയാണ്. ഉപദേശങ്ങൾ ഫലപ്പെടാതെ അതിനെ വകവെക്കാതെ ഹൃദയം അകന്നു പോയി). അങ്ങിനെ നോക്കുമ്പോൾ നമ്മിലെല്ലാം ഈ ദുർഗുണമുണ്ടെന്ന് വ്യക്തം.

➢ ഹൃദയ കാഠിന്യത്തിന്റെ രണ്ടാമത്തെ അടയാളം: സൃഷ്ടികളോട് കരുണ വറ്റലാണ്. ഇന്ന് ലോകം നേരിടുന്ന വലിയ ഭീഷണി ഇതാണ്. ആണവ ഭീഷണി ഇതിന്റെ ഭാഗംമാത്രം. കുഞ്ഞുമക്കളെ വെടിവെക്കുന്ന സയണിസ്റ്റുകൾ, സ്കൂളിൽ പോയ 5 വയസ്സ്കാരന്റെ കഴുത്ത് അറുത്ത ഫാസിസ്റ്റുകൾ, കുഞ്ഞുങ്ങളെ പീഡിപ്പിക്കുന്ന കശ്മലന്മാർ... എല്ലാം ഇതിന്റെ ഭാഗം. മറ്റുള്ളവരിൽ മാത്രമല്ല, നമ്മിലും ഈ ദുർഗുണം സ്വാധീനം നേടിയിരിക്കുന്നു. മാതാപിതാക്കൾ, പ്രായമുള്ളവർ, രോഗികൾ, കുഞ്ഞുങ്ങൾ, മൃഗങ്ങൾ ഒന്നിനോടും കരുണയില്ലാതായി. ഇവ ഓരോന്നും നരക കാരണങ്ങളാണ്. (പൂച്ചയെ കെട്ടിയിട്ട് കൊന്നവൾ നരകത്തിൽ പോയ സംഭവം)

➢ ഇതിനും പുറമെ നരകം ലഭിക്കുന്ന അനേകം പാപങ്ങൾ വേറെയും നമ്മുടെ നിത്യ ജീവിതത്തിലു ്. ഉദാ: ഗീബത്ത്, പരിഹാസം

وَيْلٌ لِّكُلِّ هُمَزَةٍ لُّمَزَةٍ( يَعْنِي : يَزْدَرِي بِالنَّاسِ وَيَنْتَقِصُ بِهِمْ, قَالَ ابْنُ عَبَّاسٍ : طَعَّانٍ مِعْيَابٍ)(ابن كثير)

(=മനുഷ്യരെ നിന്ദ്യമാക്കലും വിലകുറച്ച് കാണലുമാണത്. ആക്ഷേപിക്കലും കുറ്റം പറയലും എന്ന് ഇബ്നു അബ്ബാസ് (റ) പറഞ്ഞിരിക്കുന്നു.) ഗീബത്ത്, പരിഹാസം എന്നും തഫ്സീറുകൾ.

➢ ഇത്തരം തിന്മകൾ ചെയ്യുന്ന നമുക്ക് പരലോകത്ത് രക്ഷപ്പെടാൻ ഒരു വഴിയുമില്ല. അല്ലാഹുവിന്റെ കാരുണ്യമല്ലാതെ. അതിന്റെ ഭാഗമാണ് ഇത്ഖിന്റെ ദിവസങ്ങൾ. ലൈലത്തുൽ ഖദ്റിന്റെ രാവുകൾ.

➢ അതിന് നാം ചെയ്യേ ത്.

1. ലൈലത്തുൽ ഖദ്റിന് സാധ്യതയുള്ള രാവുകൾ ഹയാത്താക്കുക.

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا قَالَتْ كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا دَخَلَ الْعَشْرُ شَدَّ مِئْزَرَهُ وَأَحْيَا لَيْلَهُ وَأَيْقَظَ أَهْلَهُ (بخاري)

അല്ലാഹു സ്വീകരിച്ചവർക്കൊന്നും അത് നഷ്ടപ്പെടുകയില്ല.

قَالَ الضَّحَّاكُ :كُلُّ مَنْ تَقَبَّلَ اللهُ عَمَلَهُ سَيُعْطِيهِ نَصِيبَهُ مِنْ لَيْلَةِ الْقَدْرِ.( لطائف المعارف)

ആ രാവ് നഷ്ടപ്പെടുന്നവർ എല്ലാം നഷ്ടപ്പെട്ടവരാണ്.

عَنْ أَبِي هُرَيْرَةَ قَالَ : قَالَ رَسُولُ اللَّهِ صلى الله عليه وسلم... مَنْ حُرِمَ خَيْرَهَا فَقَدْ حُرِمَ (أحمد)

2. അല്ലാഹുവിനെയും ആഖിറത്തെയും ഓർത്ത് ഭയപ്പാടോടെ കരഞ്ഞു ദുആ ചെയ്യുക.

عن عبد الله بن عباس: سمعت رسول الله صلى الله عليه وسلم يقول: عَيْنَانِ لَا تَمَسُّهُمَا النَّارُ: عَيْنٌ بَكَتْ مِنْ خَشْيَةِ اللهِ، وَعَيْنٌ بَاتَتْ تَحْرُسُ فِي سَبِيلِ اللهِ (متفق عليه)

3.സ്വദഖകൾ വർദ്ധിപ്പിക്കക.

عَنْ أَنَس  قال رسول الله (ص)  إن الصدقَةَ تُطْفِئُ غَضَبَ الرَّبِّ، وتَدْفَعُ مِيتَة السُّوءِ (ترمذي)